"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ആർ.സി.3/293/2020-തസ്വഭവ.
തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12/10/2020

**സർക്കുലർ**

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-പന്ത്രണ്ടിനപരിപാടി-പൊതു കുളങ്ങളിലെ മത്സ്യകൃഷി-പദ്ധതി നടത്തിപ്പിനുള്ള അധിക മാർഗ്ഗരേഖ-സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(കൈ) നം.14/2020/ആസവ . തീയതി.18/5/2020.

2) 5/7/2020-ലെ സർക്കുലർ നം.ആർ.സി.4/149/2020/തസ്വഭവ.

3) 12/8/2020-ൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നം.3.4

**********************

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി തദ്ദേശസർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതു കുളങ്ങൾ/ജലാശയങ്ങൾ എന്നിവയിൽ മത്സ്യകൃഷി നടത്തുന്നതിന് സൂചനയിലെ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പൊതു കുളങ്ങളിലെ മത്സ്യകൃഷി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി താഴെ പറയുന്ന അധിക മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

i. പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തിട്ടുള്ള പൊതു കുളങ്ങളിൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട കുളങ്ങൾ ഉൾപ്പെടുത്തുവാൻ പാടില്ല.
ii. പൊതുജനങ്ങൾ കുളിക്കുവാനും മറ്റും ഉപയോഗിക്കുന്ന പൊതുകുളങ്ങളിൽ മത്സ്യകൃഷി നടത്തുമ്പോൾ മത്സ്യങ്ങൾക്ക് ആഹാരം നൽകുന്നതു വഴി ഇത്തരം കുളങ്ങൾ മലിനമാകാൻ ഇടയാകും. ഇതു കൂടി പരിഗണിച്ച് വേണം ഇത്തരം കുളങ്ങളിൽ മത്സ്യകൃഷി നടത്തേണ്ടത്.
iii. പൊതുകുളങ്ങളിലെ മത്സ്യകൃഷിയുടെ നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളിൽ കൃഷി വകുപ്പിലേയും ഫിഷറീസ് വകുപ്പിലേയും ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തിയ സുഭിക്ഷകേരളം കമ്മിറ്റിയുടെ സബ് കമ്മിറ്റി നിശ്ചിത ഇടവേളകളിൽ ഈ പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതാണ്.
iv. ആവശ്യമായ പ്രദേശങ്ങളിൽ ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും മോണിറ്ററിംഗ് അടക്കമുള്ള ഇടപെടൽ നടത്താവുന്നതാണ്.

**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യഡയറക്ടർ , തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
കൃഷി വകുപ്പ് ഡയറക്ടർ, തിരവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്.
അസി.ഡെവലപ്മെൻറ് കമ്മീഷണർമാർക്ക് (ജനറൽ)
നഗരകാര്യമേഖലാ ജോയിൻറ് ഡയറക്ടർമാർക്ക്.
ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്/സെക്രട്ടറി(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ബ്ലോക്ക്പഞ്ചായത്ത് പ്രസിഡൻറ്/സെക്രട്ടറി(സി.ആർ.ഡി. മുഖേന).
ജില്ലാപഞ്ചായത്ത് പ്രസിഡൻറ്/സെക്രട്ടറി(പഞ്ചായത്ത് ഡയറക്ടർ മുഖേന).
കോർപ്പറേഷൻ മേയർമാർ/ സെക്രട്ടറി.
നഗരസഭാ മേയർമാർ / സെക്രട്ടറി.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ, കില.
എക്സിക്യൂട്ടീവ് ഡയറക്ടർ, എെ.കെ.എം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.സി.3/293/2020/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണം/ഫിഷറീസ്/കൃഷി വകുപ്പ് മന്ത്രിമാരുടെ പി.എസ്.ന്.
തദ്ദേശസ്വയംഭരണം/ഫിഷറീസ്/കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്/ഫിഷറീസ് വകുപ്പ്